മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമേ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(ഡി) 2016 ജനുവരി മുതൽ 31-3-2017 വരെ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെട്ട ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നൽകിയ നഷ്ടപരിഹാരത്തിന്റെയും ഇതര സാമ്പത്തിക സഹായങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം (1), (2) എന്നിവയായി ചേർത്തിരിക്കുന്നു*.

## മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ്

194 (1958) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പവർ പ്ലാന്റ് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്;

(സി) എൻ.എച്ച്. 66-നോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലം പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി. എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രവർത്തിക്കുന്നില്ല.

(ബി) ഈ നിലയം 8.921 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

(സി) കാസർഗോഡ് നിലയവുമായുള്ള കരാർ കാലാവധി 13-5-2016-ൽ അവസാനിച്ചെങ്കിലും കരാറുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ നിലനിൽക്കുകയും തർക്കപരിഹാരത്തിനായി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് കാസർഗോഡ് നിലയത്തിന് നൽകേണ്ടതായ ബാക്കി തുക, വിവിധ കോടതികളിൽ ഇതുസംബന്ധിച്ച കേസ് നിലനിൽക്കുന്നതിനാൽ തീർപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. കാസർഗോഡ് നിലയവുമായുള്ള ഇത്തരം ബാധ്യതകൾ തീർന്നതിനുശേഷം മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഈ സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ.

## വൈദ്യുതി കമ്മിക്ക് പരിഹാരം

195 (1959) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇനി എത്ര ദിവസത്തെ വൈദ്യുതോൽപ്പാദനത്തിനുള്ള വെള്ളം കേരളത്തിലെ വിവിധ ജലസംഭരണികളിൽ ഉണ്ടെന്ന് ഇനം തിരിച്ച് പറയാമോ;

(ബി) കേരളത്തിൽ ഒരു ദിവസം ആകെ എത്ര മെഗാവാട്ട് വൈദ്യുതിയുടെ ഉപഭോഗമാണ് ഇപ്പോൾ (ഏപ്രിൽ 1 മുതൽ ശരാശരി) ഉള്ളത് ; ഇതിൽ ജലവൈദ്യുത പദ്ധതിയിൽ നിന്നും ലഭിക്കുന്നതും മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ച് ലഭിക്കുന്നതും എത്ര മെഗാവാട്ട് വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന് കേന്ദ്ര പൂളിൽ നിന്നും ലഭിക്കേണ്ട വൈദ്യുതിയുടെ അളവ് എത്ര വീതമാണ്; ഇത് കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഡി) വൈദ്യുതിക്കമ്മി പരിഹരിക്കുന്നതിൽ കെ.എസ്.ഇ.ബി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ഇതിനായി ചെലവഴിക്കേണ്ടി വരുന്നത് പ്രതിദിനം എത്ര രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വൈദ്യുതിക്കായി ചെലവഴിക്കുന്ന അധിക പണം എങ്ങനെ തിരിച്ചുപിടിക്കാനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?